# ഡോ.എൻ.ആർ. മാധവമേനോൻ പുരസ്കാരം ശ്രീലക്ഷ്മി വി വാര്യർക്ക്



പാലക്കാട്: പ്രമുഖ നിയമ വിദഗ്ദനും ദേശീയ യൂണിവേഴ്സിറ്റികളുടെ സ്ഥാപകനുമായ ഡോ. എൻ.ആർ. മാധവമേനോന്റെ സ്മരണക്കായി വിശ്വാസ് ഏർപ്പെടുത്തിയ ജില്ലയിലെ മികച്ച നിയമ വിദ്യാർത്ഥിക്കുള്ള പുരസ്കാരത്തിന് നെഹ്റു അക്കാദമി ഓഫ് ലായിലെ ശ്രീലക്ഷ്മി വി വാര്യരെ തെരഞ്ഞെടുത്തു. പഠനരംഗത്തെ മികച്ച പ്രവർത്തനങ്ങൾക്ക് പുറമെ മറ്റു രംഗങ്ങളിലെ പ്രവർത്തനമികവും കണക്കിലെടുത്താണ് മുൻ ജില്ലാ ജഡ്ജി കെ. നന്ദന കൃഷ്ണൻ, ബാർ കൗൺസിൽ അംഗം അഡ്വ. കെ. ശ്രീപ്രകാശ്, മുൻ പ്രിൻസിപ്പൽ ഡോ. സൗദാമിനി മേനോൻ എന്നിവർ അടങ്ങിയ പുരസ്കാര സമിതി തെരഞ്ഞെടുത്തത്.

ഫെബ്രുവരി ആറിന് പാലക്കാട് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വെച്ച് നടക്കുന്ന ചടങ്ങിൽ പുരസ്കാരം വിതരണം ചെയ്യും.

വീക്ഷണം